# പതിമൂന്നു ഭാര്യമാർ

## സ്റ്റീവെൻ മിൽഹൌസെർ

**(വിവർത്തനം: പ്രൊഫസ്സർ കുഞ്ഞാപ്പു, D.Sc., Ph.D.)**

## ഭാഗം 3/6

മുൻഭാഗങ്ങൾക്കുള്ള ലിങ്കുകൾ:

ഭാഗം 1: http://emalayalee.com/varthaFull.php?newsId=160052

ഭാഗം 2: http://emalayalee.com/varthaFull.php?newsId=160162

## 5

എന്റെ അഞ്ചാം ഭാര്യയുടെ അരികത്തണയാൻ ഇച്ഛിക്കുമ്പോൾ ഞാനവളെ ഒരു ചെറുപ്പക്കാരന്റെ കൂടെ കണ്ടെത്തും. പൌരുഷഭാവം വിടാത്ത, എങ്കിലും കുട്ടിത്തവും കോമളത്വവും നഷ്ടപ്പെടാത്ത ഒരു സുമുഖൻ. മെലിഞ്ഞവനെങ്കിലും ഉറച്ച പേശികളുള്ളവൻ. അവൻ എപ്പോഴും കറുത്ത ഒരു സ്പോർട്ട്സ് ജാക്കെറ്റ് അണിഞ്ഞിരിക്കും. കഴുത്തു ഭാഗം തുറന്നിട്ട ഇളംനീല ഷർട്ടും ജീൻസും ധരിക്കും. വിനയാന്വിതൻ. നിശ്ശബ്ദൻ. ശ്രദ്ധ പിടിച്ചുപറ്റാൻ താൽപര്യമില്ലാത്ത പ്രകൃതം.

ഞാനും എന്റെ അഞ്ചാം ഭാര്യയും ഒന്നിച്ച് ഡൌൺ ടൌണിലെ റെസ്റ്റോറന്റിൽ ഉച്ചഭക്ഷണത്തിന് ഒരു ചെറിയ മേശയിൽ അഭിമുഖമായി ഇരിക്കുമ്പോൾ അയാൾ അവളുടെ ഇടത്തോ വലത്തോ ഇരിക്കുന്നുണ്ടാകും. രാത്രികാലങ്ങളിൽ തീ കാഞ്ഞിരുന്ന് സംസാരിക്കാനിരിക്കുമ്പോൾ അയാൾ അവളുടെ കാലിൽ തലചാരി പരവതാനിയിൽ ഇരിക്കും. ഞാനവളുടെ ഉടുതുണി ഉരിയുമ്പോൾ അവളത് അവനെ ഏൽപ്പിക്കും. ഞങ്ങൾ കിടക്കയിൽ ചെരിയുമ്പോൾ അയാൾ കൈകൾ തലയിൽ ചാരി ഞങ്ങളുടെ അരികിൽ കിടക്കുന്നുണ്ടാകും. ആദ്യമൊക്കെ അവന്റെ സാന്നിദ്ധ്യം എന്നെ അലോസരത്താൽ നീരസപ്പെടുത്തിയിരുന്നു. എന്നാൽ കാലംകൊണ്ട് എനിക്കതിൽ അസാധാരണമായി ഒന്നും തോന്നിയില്ല. ഒരു ദിവസം ഉറക്കത്തിൽ നിന്നും എഴുന്നേറ്റ ഞാൻ അവളുടെ തോൾഭാഗത്തിലൂടെ

നോക്കിയപ്പോൾ അയാളെ കാണാനില്ലായിരുന്നു. ആകാംക്ഷാഭരിതനായ ഞാൻ അവളെ കുലുക്കി വിളിച്ചുണർത്തി. പതുക്കെ പുഞ്ചിരിച്ച് അവൾ പുതപ്പ് പൊക്കിത്തുറന്നുകാണിച്ചു. കറുത്ത സ്പോർട്ട്സ് ജാക്കെറ്റും ഇളംനീല ഷർട്ടും ജീൻസും ധരിച്ച അയാൾ അവളുടെ രണ്ടു മുലകൾക്കിടയിൽ തല വെച്ച് സുഖനിദ്രയിലായിരുന്നു. അപ്പോൾ ആശങ്കയകന്ന ഞാൻ വീണ്ടും ഉറക്കത്തിൽ വഴുതി.

# 6

എന്റെ ആറാം ഭാര്യയുമൊത്ത് സമയം ചിലവിടുമ്പോൾ ചില മുഹൂർത്തത്തിൽ അവൾ സാവധാനം തട്ടോളം ഉയർന്നുപൊന്തി വട്ടമിട്ടു പറക്കുന്നതു കാണാം. ഞാനപ്പോൾ മുട്ടുകുത്തി യാചിക്കും: "പ്രിയേ, അവിടെനിന്നും താഴെ വരൂ; നിനക്ക് എന്തെങ്കിലും പറ്റുമോയെന്ന് ഞാൻ ഭയക്കുന്നു; ഇതിനുമാത്രം ഞാൻ എന്തു ചെയ്തു? അടുക്കള മേശയിൽ ഇരുന്ന് സ്കെച്ച് ബുക്കിൽ വെളുത്ത കാപ്പിക്കപ്പിന്റെയും പച്ച സബർജെല്ലിയുടെയും അടുത്തിരിക്കുന്ന പഴം മുറിക്കുന്ന കത്തിയുടെ പടം ചാർകോളിൽ 17 തരത്തിൽ വരയ്ക്കുന്ന നേരം ഞാൻ നിന്നെ ശല്യപ്പെടുത്തിയില്ലല്ലോ. കാലുകൾ ചന്തിക്കടിയിൽ മടക്കിവെച്ച്, കൌച്ചിൽ ചാരിക്കിടന്ന്, വിരൽകൊണ്ട് മുടി പിരിച്ച് നീ അന്നാ കരേനാ എട്ടാം തവണയും വായിക്കുമ്പോൾ ഞാൻ മുരളനക്കുകയോ മൂളിപ്പാട്ടുപാടി ഉലാത്തുകയോ ഉണ്ടായില്ലല്ലോ? നിവർന്നിരുന്ന് എ മൈനറിലുള്ള കോചെൽ 310 എന്ന മൊസാട്ടിന്റെ പിയാനോ സോണെറ്റിന്റെ ആദ്യഭാഗങ്ങൾ നീ ആവേശത്തോടെ ആവർത്തിച്ചു പരിശീലിക്കുമ്പോൾ നിന്റെ പിറകിൽ വന്ന് കഴുത്തിൽ സശ്ശബ്ദ ആർദ്രതയോടെ ഞാൻ മുത്തമിട്ട് അലോസരപ്പെടുത്തിയില്ലല്ലോ? നിന്റെ കറുത്ത കമ്പിളിപ്പാവാടയ്ക്കടിയിൽ തിളങ്ങിയിരുന്ന കാൽമുട്ടിലേക്ക് എന്റെ കണ്ണിണ ഒരു നിമിഷം അലഞ്ഞു തിരിഞ്ഞിട്ടുണ്ടെങ്കിൽ, അത് ബുദ്ധിപരതാ തീക്ഷ്ണതയുടെ തിളക്കത്തിൽ എന്നെ വിധിക്കാൻ ഒരുങ്ങുന്ന നിന്റെ കണ്ണുകളിൽ നിന്നും രക്ഷപ്പെടാൻ മാത്രമായിരുന്നു." അപ്പോൾ അവൾ മൊഴിഞ്ഞു: "വിഡ്ഢീ, ഈ മുകൾത്തട്ടിൽ നീ പറയുന്നതെന്തെങ്കിലും ഞാൻ കേൾക്കുന്നുണ്ടെന്ന് വിശ്വസിക്കുന്നോ?" അത് കഴിഞ്ഞ് അവൾ സീലിങ്ങിനു വിലങ്ങനെ മുന്നോട്ടും പിന്നോട്ടും പറന്ന്, മയക്കുന്ന വശ്യമായ ചിരിയോടെ എന്റെ മുടി പാദംകൊണ്ട് ചീകാൻ തുടങ്ങി.

# 7

എന്റെ ഏഴാമത്തെ ഭാര്യ എന്നെ അതേപടി അനുകരിക്കാൻ ഉത്സുകയാണ്. ഒരു ശനിയാഴ്ച സന്ധ്യക്കു മുമ്പ്, അപ്പോൾ വെട്ടിമുറിച്ച, വിവസ്ത്രതയോടെ നിവർന്നു നിൽക്കുന്ന പുൽത്തലയുടെ ഭംഗി ആസ്വദിച്ചുകൊണ്ട് ലോൺമോവർ (പുൽച്ചെത്തിയന്ത്രം) ഞാൻ ഓടിക്കുകയായിരുന്നു. എന്റെ ഫുൾക്കയ്യൻ ഷർട്ടിന്റെ കഫിൽ സുഗന്ധമുള്ള ഇലകളുടെ ശരവർഷമായിരുന്നു ആ സമയം. അന്നേരം ലോൺമോവറിന്റെ ചുമപ്പൻ പിടിയുടെ ഇടതുഭാഗത്തെ കറുത്ത റബ്ബർ പിടിത്തത്തിൽ മുറുകെ പിടിച്ച് അവൾ എന്നോടൊപ്പം നടക്കും. 1935ലെ വേനൽക്കാലത്ത്, സറിയിലെ ഒരു ഗ്രാമീണഭവന പശ്ചാത്തലത്തിൽ നടന്ന ഒരു നോവൽ ഞാൻ വായിക്കുമ്പോൾ അവൾ അതിന്റെ വേറൊരു കോപ്പി വായിച്ചുകൊണ്ടിരിക്കും. ഞാൻ വായന നിറുത്തിയാൽ, പുസ്തകത്തിന്റെ മുകളിലൂടെ ഒളിക്കണ്ണിട്ടു നോക്കി അവളും വായന ആവസാനിപ്പിക്കും. പോക്കർ കളിക്കുന്ന രാവുകളിൽ ഞങ്ങളുടെ കൂട്ടത്തിലുള്ള ഏക സ്ത്രീ അവളായിരിക്കും. മുറുകെപ്പിടിച്ച കാർഡുകൾ സസൂക്ഷ്മം പഠിച്ച് അതിൽ നിന്നും ഒരു വൈറ്റ് ചിപ്പ് ചൂണ്ടുവിരൽക്കൊണ്ട് ശക്തിയോടെ പുറത്തു വലിച്ചെടുക്കുമ്പോൾ, അവളുടെ കണ്ണുകൾ ഇറുകുന്നത് ഞാൻ ശ്രദ്ധിക്കും. ഞാൻ കഴിക്കുന്ന അതേ സീറിയൽ പ്രാതലിന് അവളും കഴിക്കും, എനിക്കിഷ്ടമുള്ള അതേ 2% പാലൊഴിച്ച്. ഞാൻ കുടിക്കുന്ന, ധാരാളം പൾപ്പുള്ള അതേ നാരങ്ങാനീർ തന്നെയാണ് അവൾക്കും താല്പര്യം. ഞാൻ ഓടാൻ ഉപയോഗിക്കുന്ന, നൈലോൺ വലയിൽ തീർത്ത ഉപരിതലവും കീടനാശ ശക്തിയുള്ള ഉൾവശവുമുള്ള അതേ ബ്രാൻഡ് ഷൂ തന്നെയാണ് അവളും മാളിൽനിന്ന് തിരഞ്ഞെടുക്കുക. ഞങ്ങളുടെ കുടകൾ ഒരുപോലിരിക്കും. കൂളിങ്ങ്-ഗ്ലാസുകൾ സാദൃശ്യമുള്ളവ. നീളൻ പുല്ലുകൾക്കിടയിലൂടെ മാരിവിൽ എത്തിപ്പിടിക്കാൻ ഓടുന്ന എന്റെ കുട്ടിക്കാലത്തെ ഓർമ്മ ഞാൻ പങ്കുവെക്കുമ്പോൾ അവൾക്കും അതേ അനുഭവമുണ്ടായെന്ന് ഓർത്തെടുക്കും.

ഒരിക്കൽ ജീവിതം ദു:സഹമാണെന്ന് എനിക്ക് തോന്നിയപ്പോൾ അഞ്ചു മണിക്കൂർ കാറോടിച്ച് വടക്കുള്ള ശീകരമായ ഒരു കടൽത്തീര പട്ടണത്തിലേക്ക് ഞാൻ പോയി. അവിടെനിന്ന് തീരത്ത് പാറക്കൂട്ടമുള്ള ഒരു

ദ്വീപിൽ ഞാൻ എത്തി. അതിനപ്പുറത്തെ വനനിബിഡതയിലുള്ള, ടെലിഫോൺ സൗകര്യം പോലുമില്ലാത്ത ഒറ്റമുറി കേബിനിന്റെ വാതിൽ തുറന്ന് റാന്തൽ ഉയർത്തി നോക്കിയപ്പോൾ ഒരു തുരപ്പനെലി താഴേക്കു ചാടുന്നു. സീലിങ്ങിൽ വവ്വാലുകൾ ചുറ്റമിട്ടു പറക്കുന്നു. പൈൻ-കോണുകൾ എല്ലായിടത്തും ചിതറിക്കിടക്കുന്നു. അവിടെ ഒരു മരക്കസേരയിൽ അവളുടെ പെഴ്സ് ഞാൻ കണ്ടെത്തുന്നു.

***(Copyright © 2013 by Steven Millhauser***
***Reprinted by permission of ICM Partners)***

**************************************************************************************************************